# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2309
# 12.06.2018 ലെ മറുപടിക്ക്

**കിഫ്ബിയും ആസ്തി വികസനനിധിയും**

| | ചോദ്യം<br>ശ്രീ.എം. മുകേഷ് | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ തലത്തിൽ ഭരണാനുമതി നൽകി നടപ്പിലാക്കുന്ന സ്കൂൾകെട്ടിട നിർമാണങ്ങൾക്ക് കിഫ്ബിയിൽ നിന്നും അനുവദിക്കുന്ന തുകയ്ക്ക് പുറമെ അധികമായി തുക ആവശ്യമായി വരുമ്പോൾ പ്രസ്തുത തുക ആസ്തി വികസന നിധിയിൽ നിന്നും അനുവദിക്കുകയാണെങ്കിൽ ആയതിന് ജില്ലാകളക്ടറിൽ നിന്നും വീണ്ടും ഭരണാനുമതി ഉത്തരവ് ലഭ്യമാക്കേണ്ടതുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത് സ.ഉ.(അ) നം. 153/2017/ധന. തീയതി 1/12/2017 പ്രകാരമാണ്. പ്രസ്തുത ഉത്തരവനുസരിച്ച് എം.എൽ.എ മാർ ഇതിനായുള്ള തങ്ങളുടെ ശിപാർശകൾ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ കളക്ടർമാർ ആയത് പരിശോധിച്ച് ആസ്തിവികസന ഫണ്ട് കൈകാര്യം ചെയ്യുന്ന ഓൺലൈൻ പോർട്ടലിലൂടെ (www.ads2.kerala.gov.in) ധനകാര്യവകുപ്പിന്റെ അനുമതിയ്ക്കായി അയയ്ക്കേണ്ടതും ധനകാര്യവകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ആസ്തിവികസന ഫണ്ട് ടി പ്രവൃത്തിയ്ക്ക് അനുവദിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. കിഫ്ബി മുഖേന നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയ്ക്കായുള്ള എസ്റ്റിമേറ്റുകൾ നിർവ്വഹണ ഏജൻസി തയ്യാറാക്കിയിട്ടുള്ളതിനാൽ എസ്റ്റിമേറ്റും മറ്റ് അനുബന്ധരേഖകളും എം.എൽ.എ യുടെ ശിപാർശയോടൊപ്പം വീണ്ടും സമർപ്പിക്കേണ്ടതില്ല. |
| (ബി) | എങ്കിൽ ആയതിനുള്ള എസ്റ്റിമേറ്റും അനുബന്ധ രേഖകളും എപ്രകാരമാണ് സമർപ്പിക്കേണ്ടത്; സർക്കാരിൽ നിന്നുള്ള ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ